# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 407 — 28.10.2019-ൽ മറുപടിക്ക്

## ഗാന്ധി സ്മൃതി മ്യൂസിയം

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പയ്യന്നൂരിലെ പഴയ പോലീസ് സ്റ്റേഷൻ ഏറ്റെടുത്ത് ഗാന്ധിസ്മൃതി മ്യൂസിയം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂരിലെ പഴയ പോലീസ് സ്റ്റേഷൻ പുരാവസ്തുവകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് ഏറ്റെടുത്തിട്ടുള്ളതാണ്. ടി സ്മാരകത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മ്യൂസിയം സജ്ജീകരിക്കാൻ പ്രാപ്തമാക്കിയിട്ടുണ്ട്. പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ കേന്ദ്രമാക്കി ഗാന്ധിസ്മൃതി മ്യൂസിയം സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ പുരാവസ്തു വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയോ; എങ്കിൽ അതിനായി അനുവദിച്ച തുക എത്രയാണ്; | (ബി) | പയ്യന്നൂരിലെ പഴയ പോലീസ് സ്റ്റേഷനിൽ ഗാന്ധിസ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2.44 കോടി രൂപാ 2019-20 വർഷം പുരാവസ്തുവകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. |
| (സി) | കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽ പ്രസ്തുത പ്രോജക്ട് ഉൾപ്പെട്ടിട്ടുണ്ടോ? | (സി) | കേന്ദ്ര സർക്കാരിന്റെ ഗാന്ധി സൈറ്റ് & ഹെറിറ്റേജ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാന്ധിസ്മൃതി മ്യൂസിയം വിപുലപ്പെടുത്താൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ